# ലേല/ടെണ്ടർ പരസ്യം

കൊച്ചിൻ ദേവസ്വം ബോർഡ് തിരുവില്വാമല ഗ്രൂപ്പ് അസിസ്റ്റന്റ് കമ്മീഷണറുടെ ഓഫീസിൽ നിന്നും പരസ്യപ്പെടുത്തുന്നത് എന്തെന്നാൽ,

തിരുവില്വാമല ഗ്രൂപ്പിൽപ്പെട്ട വെങ്ങാനെല്ലൂർ ദേവസ്വം കീഴേടം എലിയപ്പറ്റ ക്ഷേത്രപറമ്പിലെ 11 തേക്ക് മരങ്ങളും, വീണ് കിടക്കുന്ന 2 തേക്ക് മരങ്ങളും ലേലം ചെയ്ത് മുറിച്ചുമാറ്റി കൊണ്ടുപോകുന്നതിനുള്ള അവകാശം 2023-ാമാണ്ട് നവംബർ മാസം 14-ാം തിയ്യതി പകൽ 12 മണിക്ക് എലിയപ്പറ്റ ക്ഷേത്രത്തിൽ വെച്ച് പരസ്യമായി ലേലം ചെയ്യുന്നതിന് തീരുമാനിച്ചിരിക്കുന്നു. ലേലത്തിൽ പങ്കെടുക്കുന്നവർ ലേലത്തിനു അര മണിക്കൂർ മുൻപ് നിരതദ്രവ്യമായി 7500/- ക ദേവസ്വത്തിൽ കെട്ടിവെയ്ക്കേണ്ടതാണ്. ടെണ്ടറുകൾ 2023 നവംബർ മാസം 13-ാം തിയ്യതി പകൽ 4 മണി വരെ അസിസ്റ്റന്റ് കമ്മീഷ്ണർ ഓഫീസിൽ സ്ഥാപിച്ചിട്ടുള്ള ടെണ്ടർ ബോക്സിൽ നിക്ഷേപിക്കാവുന്നതാണ്. സീൽ ചെയ്ത ടെണ്ടറിന്റെ കവറിൽ **"തേക്ക് ലേലം എലിയപ്പറ്റ ക്ഷേത്രം"** എന്ന് വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്. 2023 നവംബർ മാസം 13-ാം തിയ്യതി പകൽ 4 മണി വരെ തപാൽ മാർഗ്ഗം ലഭിക്കുന്ന ടെണ്ടറുകളും സ്വീകരിക്കുന്നതാണ്. ടെണ്ടറിനോടൊപ്പം 7500/- കയുടെ അസിസ്റ്റന്റ് കമ്മീഷണർ തിരുവില്വാമല ഗ്രൂപ്പ്, കൊച്ചിൻ ദേവസ്വം ബോർഡ് എന്ന പേരിൽ എടുത്ത DD നിരതദ്രവ്യമായി അടക്കം ചെയ്യേണ്ടതാണ്. ലേലം 3 വാക്ക് വിളിച്ച് ഉറപ്പിക്കുന്നതും, അതിനുശേഷം ലേലമോ/ടെണ്ടറോ ഏതാണ് കൂടുതൽ എങ്കിൽ ആ വ്യക്തിയുടെ പേരിൽ ലേലം/ടെണ്ടർ ഉറപ്പിക്കുന്നതുമാണ്. ലേലം ലഭിച്ച വ്യക്തി ലേലസംഖ്യ അപ്പോൾ തന്നെ ദേവസ്വത്തിൽ അടച്ച് രശീതി കൈപറ്റേണ്ടതാണ്. ലേലം കൊണ്ട ആൾ ലേലത്തിനു പുറമേ വരുന്ന എല്ലാ നികുതികളും (18% GST & 5% FDT) അടക്കുവാൻ ബാദ്ധ്യസ്ഥനാണ്. ലേലം ഏറ്റെടുത്ത വ്യക്തി ദേവസ്വത്തിന്റേതല്ലാത്ത കാരണത്താൽ ലേലം വേണ്ടെന്നു വെക്കുന്നപക്ഷം നിരതദ്രവ്യം സംഖ്യ തിരികെ നൽകുന്നതല്ല. ലേലം ഉറപ്പിച്ച് സംഖ്യ പിരിവു വരുത്തിയാൽ ലേലം ഏറ്റെടുത്ത വ്യക്തിക്കൊഴികെ മറ്റെല്ലാ വ്യക്തികൾക്കും നിരതദ്രവ്യങ്ങൾ തിരികെ നൽകുന്നതാണ്. മേൽ പ്രകാരം ലേലം/ടെണ്ടർ നടക്കാത്ത പക്ഷം തേക്ക് മരങ്ങൾ വെവ്വേറെ (ഓരോന്നു വീതം) ലേലം ചെയ്യുന്നതാണ്. ആയതിന് ടെണ്ടർ സ്വീകരിക്കുന്നതല്ല. ലേലമുതൽ പത്ത് ദിവസത്തിനകം നീക്കം ചെയ്യേണ്ടതും, ക്ഷേത്രത്തിലെ മറ്റു മുതലുകൾക്ക് നാശനഷ്ടങ്ങൾ ഒന്നുമുണ്ടാകാതെ മരങ്ങൾ കൊണ്ടുപോകേണ്ടതുമാണ്. ലേലക്കാരന്റെ അശ്രദ്ധ മൂലമോ മറ്റു കഷ്ടനഷ്ടങ്ങൾ ഉണ്ടാകുന്ന പക്ഷം ആയതിന് ലേലക്കാരൻ പരിപൂർണ്ണ ഉത്തരവാദിയും നിയമ നടപടികൾക്ക് വിധേയനുമാണ്.

ഈ ലേലത്തെപ്പറ്റി കൂടുതൽ അറിയുവൻ ആഗ്രഹിക്കുന്നവർ വടക്കാഞ്ചേരി തിരുവില്വാമല അസിസ്റ്റന്റ് കമ്മീഷണർ ഓഫീസിലോ, വെങ്ങാനെല്ലൂർ ദേവസ്വം ഓഫീസിലോ പ്രവർത്തി സമയത്ത് അന്വേഷിച്ചാൽ അറിയാവുന്നതാണ്. ഈ ലേലം ഗുണകരമല്ലെന്ന് കണ്ടാൽ മാറ്റി വയ്ക്കുന്നതിനോ, മറ്റു ഉചിതമായ നടപടികൾ സ്വീകരിക്കുന്നതിനോ താഴെ ഒപ്പിടുന്ന ആൾക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

അസിസ്റ്റന്റ് കമ്മീഷണർ
തിരുവില്വാമല ഗ്രൂപ്പ്

ദേവസ്വം അസിസ്റ്റന്റ് കമ്മീഷണർ ഓഫീസ്
തിരുവില്വാമല ഗ്രൂപ്പ്
വടക്കാഞ്ചേരി
തിയ്യതി : 30/10/2023